# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4967 — 22/05/2017 ന് മറുപടിയ്ക്ക്

### ശ്രീ. ടോമി ജോസഫ് അനിത്താനത്തിന് മിനിമം പെൻഷൻ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 10 വർഷം സേവനം ചെയ്ത ശ്രീ.ടോമി ജോസഫ് അനിത്താനത്തിന് മിനിമം പെൻഷൻ നൽകണമെന്നുള്ള ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അനുകൂല ഉത്തരവ് സർക്കാർ നടപ്പാക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ് ; വ്യക്തമാക്കാമോ;<br><br>(ബി) ശ്രീ. ടോമി ജോസഫ് പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയ പരാതി പ്രകാരം ഫയൽ നമ്പർ ജി. ഇ. ഡി./എസ്. സി. 1/35/2017- ൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ;<br><br>(സി) ഇതു സംബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; റിപ്പോർട്ട് നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; അല്ലെങ്കിൽ റിപ്പോർട്ട് വൈകുന്നതിന്റെ കാരണം അറിയിക്കാമോ? | (എ), (ബി) & (സി) ശ്രീ.ടോമി ജോസഫ് ഫയൽ ചെയ്ത WP(C)No.30119/2017 നമ്പർ കേസിനെ സംബന്ധിച്ച റിപ്പോർട്ട് 26.4.2017 ലെ G.EDN/SC1/35/17-G.Edn. നമ്പർ സർക്കാർ കത്ത് പ്രകാരം തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി ഡയറക്ടറോട് ആവശ്യപ്പെട്ടുകയുണ്ടായി. എന്നാൽ ശ്രീ.ടോമി ജോസഫ് ടിയാൾ ഫയൽ ചെയ്ത കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലി ചെയ്തിരുന്ന സ്കൂളിലോ എറണാകുളം മേഖലാ ആഫീസിലോ ഇതേ വരെ പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല എന്നും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

**'ഭരണഭാഷ - മാതൃഭാഷ'**

**തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി**
**വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം.**
**Ph. 0471 2325323**
**e-mail:dirvhse@yahoo.com**

**നമ്പർ: ഇ3/5028/2017** **തീയതി, 17.5.2017**

പ്രേഷിതൻ
ഡയറക്ടർ

Gn. 4967

സ്വീകർത്താവ്
ഗവൺമെന്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം:-വി.എച്ച്.എസ്.ഇ-നിയമസഭാചോദ്യം - മറുപടി നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 15.5.17 തീയതിയിലെ 1464743/എസ്.സി1/2017/പൊ.വി.വ നമ്പറിലെ കത്ത്.

സൂചന കത്ത് മുഖാന്തിരം ലഭ്യമായ നിയമസഭാ ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ തലത്തിൽ മറുപടി നൽകാവുന്നതാണ്.

2&3. ശ്രീ.ടോമി ജോസഫ് ഫയൽ ചെയ്ത WP(c) No. 30119/17 നമ്പർ കേസിലെ റിപ്പോർട്ട് 26.4.17 തീയതിയിലെ GEDN/SC1/35/17-G.Edn നമ്പർ സർക്കാർ കത്ത് പ്രകാരം ആവശ്യപ്പെടുകയും തുടർന്ന് 8.5.17 തീയതിയിലെ ഇ3/2044/17 നമ്പറിലെ കത്ത് പ്രകാരം എറണാകുളം അസിസ്റ്റന്റ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എറണാകുളം അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ.ടോമി ജോസഫ് ടിയാൾ ഫയൽ ചെയ്ത കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലി ചെയ്തിരുന്ന സ്കൂളിലോ എറണാകുളം മേഖലാ ആഫീസിലോ ഇതേ വരെ പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു.

വിശ്വസ്തതയോടെ,

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**ഡയറക്ടർക്കു വേണ്ടി**

ജെ.ബി.എസ്.17.5.17